LIBRARY ARCHIVES Kerala Legislative Assembly

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവിഷ്കരിച്ച പരിപാടികൾ

166 (2404) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഇനങ്ങളിലായി പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട് ;

(സി) പ്രസ്തുത നടപടികളിലൂടെ എത്രമാത്രം നികുതികുടിശ്ശിക പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാണിജ്യനികുതി വകുപ്പിൽ പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക 31-3-2014 വരെ കണക്കാക്കിയിട്ടുള്ളത് 6565.84 കോടി രൂപയാണ്. രജിസ്ട്രേഷൻ വകുപ്പിൽ 2014 ഒക്ടോബർ മാസം വരെ 176.37 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്. മോട്ടോർ വാഹന വകുപ്പിൽ (കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പിരിഞ്ഞുകിട്ടുവാനുള്ളത് ഉൾപ്പെടെ) 818.53 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്. എക്സൈസ് വകുപ്പിൽ 31-10-2014-ലെ കണക്കനുസരിച്ച് ആകെ 235,15,94,083 രൂപ അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിവിധ വകുപ്പുകളിലായി ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. നികുതി കുടിശ്ശിക, റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് 23-9-2014-ൽ ജില്ലാ കളക്ടർമാരുമായി ഒരു വീഡിയോ കോൺഫറൻസ് നടത്തി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറികളുടെ പുരോഗതി 13-10-2014-ൽ നടന്ന കളക്ടേഴ്സ് കോൺഫറൻസിൽ ചർച്ച ചെയ്യുകയും സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിൽ, KGST ഹിരിഡിലെ കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ആംനസ്റ്റി സ്കീമിന്റെ കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമല്ലാത്ത എല്ലാ സർക്കാർ സ്റ്റേ ഉത്തരവുകളും പിൻവലിച്ച ഹൈക്കോടതിയിൽ നിലവിൽ സ്റ്റേയുള്ള കേസുകളിൽ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് അടിയന്തരമായി തീർപ്പുകല്പിച്ച് നികുതി പിരിച്ചെടുക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനുപുറമെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രിബ്യൂണൽ എന്നിവയിൽ സ്റ്റേയിലുള്ള കേസുകളും അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്കൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് അസിസ്റ്റന്റ് കമ്മീഷണർമാർ മുഖാന്തരമുള്ള കുടിശ്ശിക നികുതി പിരിവ്

ഊർജ്ജിതമാക്കുവാനുദ്ദേശിച്ച്, ടാർജറ്റ് നിശ്ചയിച്ച് നൽകുകയും അതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം നടത്തുകയും ചെയ്യുന്നു. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി എല്ലാ ജില്ലാകളക്ടർമാർക്കും ഡെപ്യൂട്ടി കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മോട്ടോർ വാഹന വകുപ്പിൽ കെ.എസ്.ആർ.ടി.സി. ഒഴികെയുള്ള കടിശ്ശിക ഭൂരിഭാഗവും ബുക്ക് അഡിയർ ആണ്. ഇത് കുറയ്ക്കുന്നതിനായി ഒരു തീവ്രയത്ന കടിശ്ശിക നിവാരണമാസം (1-8-2014 മുതൽ 31-8-2014 വരെ) നടത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(സി) പ്രസ്തുത നടപടികളിലൂടെ പിരിച്ചെടുക്കുവാൻ കഴിഞ്ഞ നികുതി കടിശ്ശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1.	എക്സൈസ് വകുപ്പ്	1,28,33,265 രൂപ
2.	രജിസ്ട്രേഷൻ വകുപ്പ്	150.57 കോടി രൂപ
3.	മോട്ടോർ വാഹന വകുപ്പ് (30-6-2014-വരെ ലഭ്യമായ കണക്കുകൾ പ്രകാരം)	161,35,38,740 രൂപ
4.	വാണിജ്യ നികുതി വകുപ്പ് (31-10-2014-ലെ കണക്ക് പ്രകാരം)	91.72 കോടി രൂപ

നികുതി വരുമാനങ്ങളുടെ സ്റ്റേ

167 (2405) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കേണ്ട വിവിധ നികുതി വരുമാനങ്ങൾക്ക് സർക്കാർ നൽകിയ സ്റ്റേ കാരണം എന്ത് തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഉപാധികളോടെയുള്ള സ്റ്റേ മുഖാന്തരവും ഉപാധിരഹിത സ്റ്റേ മുഖാന്തരവും എത്ര തുകയാണ് പിരിഞ്ഞുകിട്ടാനുള്ളതെന്ന് പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2014-ലെ കണക്കനുസരിച്ച് നികുതി വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാണിജ്യ നികുതിയിനത്തിൽ 230.19 കോടി രൂപയുടെ സർക്കാർ സ്റ്റേ (ഇൻസ്റ്റാൾമെന്റ് ഒഴികെ) കൊടുത്തിട്ടുണ്ട്. ലാന്റ് റവന്യൂ ഇനത്തിൽ സർക്കാർ നൽകിയ സ്റ്റേ ഇനത്തിൽ 40.79 കോടി രൂപയാണ് ഉൾപ്പെട്ടിരിക്കുന്നത്. മോട്ടോർ വാഹനം, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly